/76009/2023

DWCD/4535/2022-ICDSB7

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 12-01-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471−2346534

## സർക്കുലർ

വിഷയം: വനിത ശിശുവികസന വകുപ്പ്: നാഷണൽ ക്രഷ് സ്കീം - ക്രഷുകൾ - മേൽ വിലാസം മാറുന്നത് - സംബന്ധിച്ച്.

സൂചന: സർക്കാരിന്റെ 22/11/2022 തീയതിയിലെ WCD-C3/15/2021-WCD നമ്പർ കത്ത്.

കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി നാഷണൽ ക്രഷ് സ്കീം അനുസരിച്ച് സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന NGO ക്രഷുകളെയും ശിശുക്ഷേമ സമിതിക്ക് കീഴിലെ ക്രഷുകളെയും 01/01/2017 തീയതി പ്രാബല്യത്തിൽ സ. ഉ (കൈ) നം. 35/2017/സാ.നീ.വ, തീയതി 9/8/2017 പ്രകാരം കേരള സംസ്ഥാന സർക്കാർ ഏറ്റെടുക്കുകയും പ്രവർത്തന ക്ഷമമായ ക്രഷുകൾക്ക് സ്കീം മാനദണ്ഡപ്രകാരം ഗ്രാന്റ് അനുവദിച്ചു വരികയും ചെയ്യുന്നു.

സ്കീമിന്റെ ഭാഗമായി ഗ്രാന്റ് ലഭിക്കുന്ന ക്രഷുകളുടെ മേൽവിലാസ മാറ്റം സംബന്ധിച്ച വിവരം വനിത ശിശുവികസന വകുപ്പിലെ ബന്ധപ്പെട്ട അധികാരികളെ (ശിശു വികസന പദ്ധതി ഓഫീസർ / ജില്ലാ വനിത ശിശു വികസന ഓഫീസർ) യഥാസമയം രേഖാമൂലം അറിയിക്കേണ്ടതാണ്. അത്തരത്തിൽ അറിയിപ്പ് നൽകാതെ മേൽ വിലാസം മാറി പ്രവർത്തിക്കുന്നതുമൂലം ഉണ്ടാകുന്ന പെന്റിംഗ് ക്ലയിമുകൾ പരിഗണിക്കുന്നതല്ല.

PRIYANKA G
**വനിത ശിശുവികസന ഡയറക്ടർ**

ബന്ധപ്പെട്ട NGO കൾക്ക്
( ശിശുവികസന പദ്ധതി ഓഫീസർ മുഖേനെ)

പകർപ്പ് : 1) എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും
2) എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3) ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്കും
4) വെബ്സൈറ്റ് /ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ